Week-1

# <u>Weekly Devotions- ‘2016’ January</u>.

## “Rise up O Lord”...............Return, O Lord” (Numbers 10:35-36)

**“യഹോവേ എഴുന്നേൽക്കേണമേ”.................... “യഹോവേ മടങ്ങി വരേണമേ’**




വയോധികനായ ഒരു ഡോക്ടർ രേഖപ്പെടുത്തിയ തന്റെ ഓർമ്മക്കുറിപ്പിലെ ഒരു സംഭവത്തോടെ പുതുവർഷത്തിലെ ചിന്താവിഷയങ്ങൾക്ക് പ്രാർത്ഥന യോടെ തുടക്കം കുറിച്ചുകൊള്ളട്ടെ.

ഒൻപതു മക്കളുള്ള ഒരു മാതാവിന്റെ അയൽവാസിയായി പ്രസ്തുത ഡോക്ടർ എത്തിയിട്ട് വളരെ കുറച്ചുദിവസങ്ങളേ ആയിരുന്നുള്ളൂ. ഒരു ദിവസം കഠിനമായ പനിയാൽ ഭാരപ്പെട്ട തന്റെ കുഞ്ഞുമകളെ പരിശോധിച്ച്

മരുന്ന് വാങ്ങുവാനായി ഡോക്ടറെ ഈ മാതാവ് തന്റെ ഭവനത്തിലേക്ക് ക്ഷണിച്ചു. പരിശോധന നടക്കുമ്പോൾ അവിടെ നടന്ന സംഭവങ്ങൾ അദ്ദേഹ ത്തിന്റെ ചിന്താമണ്ഡലത്തെ ഉണർത്തുന്നതായിരുന്നു. കുഞ്ഞിനെ ഡോക്ടർ പരിശോധിക്കുന്നിടത്ത് നില്ക്കുന്ന മാതാവിനോട് വിദ്യാലയത്തിലേക്ക് പോകു വാൻ ആവശ്യമായ സാധനങ്ങൾ ഓരോരുത്തരായി വന്ന് ചോദ്യം തുടങ്ങി, കോപം ലവലേശം ഇല്ലാതെ ശാന്തയായി മാതാവ് മറുപടി പറയുകയും ചെയ്തു. ഒന്നിച്ചിറങ്ങിയ എട്ട് മക്കളേയും നോക്കി അവർ പ്രാർത്ഥിച്ചു 'യഹോവേ കൂടെ പോകേണമേ,മടങ്ങി വരുമ്പോഴും അങ്ങ് കൂടെ കാണേ ണമേ' എന്ന്. തിരികെ ക്ലിനിക്കിൽ  എത്തിയിട്ടും ആ കാഴ്ചകൾ അദ്ദേഹ ത്തിന് മറക്കുവാൻ കഴിഞ്ഞില്ല.

ഈ മാതാവിനേക്കാൾ എത്ര അധികമായിട്ടാണ് സ്നേഹനിധിയായ കർത്താവ് ഇതുവരെ നമ്മെ കരുതിയത്. '2016' ലെ പുതുവത്സര യാത്ര ആരംഭിക്കുമ്പോൾ ഓരോ ദിവസവും **"യഹോവേ എഴുന്നേൽക്കേണമേ .................. യഹോവേ മടങ്ങി വരേണമേ"** എന്ന് മോശയെപ്പോലെ നമുക്ക് പറയുവാൻ കഴിയുമോ? തന്നെ ഏല്പിച്ച ദൗത്യം നിറവേറ്റുവാൻ താൻ അശ ക്തനെന്ന് മോശ മനസ്സിലാക്കിയിരുന്നു. അതിനാൽ ദൈവീകസാന്നിദ്ധ്യം മോശ ആഗ്രഹിച്ചു.

ഇന്ന് പല വ്യക്തികളും തങ്ങൾ ശക്തരെന്ന മിഥ്യാധാരണയിലാണ്. പണം, ആരോഗ്യം, വിദ്യാഭ്യാസം ഇവയൊന്നുമല്ല നമ്മെ നടത്തുന്നത് എന്ന ബോധ്യം നമ്മിൽ ആദ്യം ഉണ്ടാകണം. ഓരോ ദിവസവും ആരംഭിക്കുമ്പോൾ യഹോവേ എഴുന്നേൽക്കേണമേ അടിയന്റെ കൂടെ പോരേണമേ എന്ന് പ്രാർത്ഥിക്കുക.

ഏത് മേഖലയിലായാലും, നിങ്ങൾ ഏത് പ്രായക്കാരായാലും അവന്റെ കൃപയും കരുണയും, കരുതലും കൂടെയുണ്ടാകും. എവിടെയും ശത്രുവിനെ ജയിപ്പാൻ നിങ്ങൾക്കു കഴിയും.

യഹോവ എഴുന്നേറ്റാൽ കാറ്റ്, പുക ചിതറിക്കുന്നതുപോലെ ശത്രു ചിതറിപ്പോകുന്നു. നിങ്ങളെ പകെക്കുന്നവർ നിങ്ങളുടെ മുമ്പിൽ നിന്ന് ഓടിപ്പോകുന്നു. കൂടാതെ തീയിങ്കൽ മെഴുക് ഉരുകുന്നതുപോലെ ദുഷ്ടൻമാർ ഉരുകിപ്പോകുന്നു. നിങ്ങൾ ഭവനങ്ങളിൽ വിശ്രമത്തിനായി എത്തുമ്പോഴും കൂടെ പാർക്കുവാൻ അവനെ ക്ഷണിക്കുക. നിശ്ചയമായും പച്ചയായ പുല്പുറങ്ങളിൽ വിശ്രമിക്കുന്ന സന്തോഷം ലഭ്യമാകും. ദയവായി ഈ തീരുമാനത്തോടെ ഈ പുതുവർഷം ആരംഭിക്കുക. ദൈവം സമൃദ്ധമായി നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പ്രാർത്ഥന

ഇത്രത്തോളം ഞങ്ങളെ നടത്തിയ നല്ല ദൈവമേ അങ്ങയുടെ സ്നേഹത്തിനായി സ്തോത്രം. ഈ ലോകമരുവിൽ അങ്ങ് ഞങ്ങളുടെ വഴികാട്ടിയായി കൂടെ പോരേണമേ. ജയത്തോടെ നടത്തി കൂടെ വസിക്കുന്ന കൃപയ്ക്കായി സ്തോത്രം.

ആമേൻ


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind